(എ) വിദ്യാഭ്യാസ രംഗത്തെ സമഗ്രമായ ഭേദഗതിക്ക് ഈ രംഗത്ത് പ്രവർത്തിക്കുന്നവരിൽ നിന്നുള്ള അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) പ്രൈമറി തലത്തിൽ സ്വകാര്യ സ്കൂളുകളുടെ മേൽ നിയന്ത്രണമേർപ്പെടുത്തുവാൻ ഇന്നുള്ള നിയമങ്ങൾ ഫലപ്രദമല്ലെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച ശാസ്ത്ര സാഹിത്യ പരിഷത്ത് പോലെയുള്ള സംഘടനകൾ നിർദ്ദേശങ്ങൾ വല്ലതും സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഡി.പി.ഇ.പി. സ്വകാര്യമേഖലയിലെ സ്കൂളുകളിലും ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അൺ എയ്ഡഡ് അൺ റക്കഗാനൈസ്ഡ് സ്കൂളുകളുടെ മേലും, സി.ബി.എസ്.ഇ. - ഐ.സി.എസ്.ഇ സിലബസ് പിന്തുടരുന്ന സ്കൂളുകളുടെ മേലും കാര്യമായ നിയന്ത്രണമില്ല.

(സി)&(ഡി) ഉണ്ട്.

പാഠപുസ്തകങ്ങളുടെ അച്ചടി

28 (811)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങളുടെ അച്ചടി നിർത്തിവച്ച് ഏതെങ്കിലും പുസ്തകങ്ങളുടെ അച്ചടി നടത്തിയിരുന്നുവോ;

(ബി) എങ്കിൽ അത് ഏത് സാഹചര്യത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ദേശസ്നേഹപരമായ പാഠങ്ങൾക്ക് പ്രാധാന്യം

29 (812)ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ പാഠപുസ്തകങ്ങളിൽ ദേശസ്നേഹപരമായ പാഠങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടില്ലെന്ന അഭിപ്രായം ശ്രദ്ധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly